**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1693** **05-07-2022 - ൽ മറുപടിയ്ക്ക്**

**സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിലെ സ്റ്റോക്ക് വേരിഫിക്കേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി വകുപ്പിൽ 1995-ന് ശേഷം പുസ്തകങ്ങളുടെ സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ 1995-ന ശേഷം 2019 ആഗസ്റ്റ് മാസത്തിലാണ് സ്റ്റോക്ക് വെരിഫിക്കേഷൻ നടപടികൾക്ക് തുടക്കം കുറിച്ചിട്ടുള്ളത്. ഇതിനായി നാളിതുവരെ 11,53,018 (പതിനൊന്ന് ലക്ഷത്തി അൻപത്തിമൂവായിരത്തി പതിനെട്ട് രൂപ) ചെലവഴിച്ചിട്ടുണ്ട്. സ്റ്റോക്ക് വെരിഫിക്കേഷനുമായി ബന്ധപ്പെട്ട ഭൗതിക ജോലികൾ 2022 ജൂൺ മാസത്തിൽ പൂർത്തിയായിട്ടുണ്ടെങ്കിലും അന്തിമ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | സ്റ്റോക്ക് വെരിഫിക്കേഷനുവേണ്ടി ചിലവഴിച്ച തുകയും കണ്ടെത്തിയ വസ്തുതകളും സംബന്ധിച്ച റിപ്പോർട്ട് എന്തെന്ന് വ്യക്തമാക്കാമോ; | (ബി) | (എ) യിൽ നൽകിയിട്ടുണ്ട്. |
| (സി) | ലൈബ്രറി സ്റ്റോക്ക് വെരിഫിക്കേഷനിൽ സർക്കാർ പരിശോധിച്ച് തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (സി) | (എ) യിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ